ഓർമ


ബശീർ മുഹ്‌യിദ്ദീൻ



# വീണ്ടും മായുന്ന ഉമ്മത്തണൽ

**കമലാ സുറയ്യയെ ഖുർആൻ പഠിപ്പിച്ചിരുന്ന ബശീർ മുഹ്‌യിദ്ദീന്റെ ഓർമകൾ**

**കാണാൻ** കഴിയാതിരുന്ന സ്വന്തം ഉമ്മയുടെ സ്ഥാനത്തായിരുന്നു എനിക്ക് കമലാ സുറയ്യ. ഇസ്‌ലാം സ്വീകരിച്ച ശേഷം തനിക്ക് ലഭിച്ച ആത്മീയ പുത്രൻ എന്ന് ഉമ്മ എന്നെ പരിചയപ്പെടുത്തുമായിരുന്നു. പക്ഷേ, ഒമ്പതു വർഷത്തെ ആത്മബന്ധമുണ്ടായിട്ടും ഉമ്മയുടെ യഥാർഥ ഭാവം കണ്ടെത്തുന്നതിൽ ഞാൻ പരാജയപ്പെടുകയായിരുന്നു. ഒരേസമയം ശൈശവത്തിന്റെ നൈർമല്യവും ബാല്യത്തിന്റെ കൗതുകങ്ങളും കൗമാരത്തിന്റെ എടുത്തുചാട്ടവും യുവത്വത്തിന്റെ പ്രസരിപ്പും മാതൃത്വത്തിന്റെ പൂർണതയുമെല്ലാം അലിഞ്ഞു ചേർന്ന ഒരസാധാരണ ജന്മമായിരുന്നു ഉമ്മ. കടവന്ത്രയിലെ റോയൽ സ്റ്റേഡിയം മാൻഷനിലേക്ക് വൈകുന്നേരങ്ങളിൽ കടന്നു ചെല്ലുമ്പോൾ ഇന്ന് ഏത് ഭാവമായിരിക്കും അവതരിക്കുക എന്ന് ഞാൻ കൗതകപ്പെടാറുണ്ട്. പൊട്ടിച്ചിരി, പൊട്ടിക്കരച്ചിൽ, സങ്കടങ്ങൾ, ആവലാതികൾ, പ്രതീക്ഷകൾ, ഗൗരവമാർന്ന ചർച്ച





കമലാ സുറയ്യയും ബശീർ മുഹ്‌യിദ്ദീനും

കൾ, സ്വപ്നങ്ങൾ, പിന്നെ ഇത്തിരി വീട്ടു കാര്യങ്ങൾ.... ഏതുമാകാം.

ഖുർആനിലെ സ്ത്രീബിംബങ്ങൾ ആ ജീവിതത്തിൽ മാറി മാറി പ്രതിഫലിക്കുന്ന പോലെ. ചിലപ്പോൾ സർവം സഹയായ മർയം. ചിലപ്പോൾ അല്ലാഹുവിൽ അഭയം തേടുന്ന, സ്വർഗത്തിനായി യാചിക്കുന്ന ആസിയ. മറ്റു ചിലപ്പോൾ ഇഷ്ടപ്പെടുന്നത് അല്ലാഹുവിന് സമർപ്പിക്കുന്ന ഇംറഅതു ഇംറാൻ. മർയമായിരുന്നല്ലോ ഉമ്മയുടെ മനസ്സിലെ എല്ലാം തികഞ്ഞ സ്ത്രീഭാവം. സൂറത്തു *മർയ*മായിരിക്കും ഉമ്മ കൂടുതൽ ശ്രവിച്ച അധ്യായം.

പക്ഷേ, ഞാൻ തിരിച്ചറിഞ്ഞത്, കട്ടെടുത്തത് ആ മാതൃഭാവത്തെയായിരുന്നു. അവധി ദിനങ്ങളിൽ എനിക്കായി ഭക്ഷണം വിളമ്പുന്ന, മഴനനഞ്ഞു ചെന്നാൽ ശകാരിക്കുന്ന, വീട്ടിൽ പോകുമ്പോൾ മക്കൾക്ക് സമ്മാനങ്ങൾ തരുന്ന ഒരുമ്മ. സത്യത്തിൽ ഉമ്മ എന്നെ തോൽപിക്കുകയായിരുന്നു. ഞാൻ ഓതിക്കൊടുക്കുന്ന കടുകട്ടിയായ തത്ത്വസംഹിതകളും നിയമവിധികളും, ആ സ്നേഹമെന്ന മതത്തിന്റെ പ്രവാഹത്തിൽ ഒഴുകിപ്പോകുമ്പോലെ. ശരിയാണ്, സാങ്കേതികത്വത്തിന്റെ കുരുക്കുകൾക്കപ്പുറം സൂര്യനെപ്പോലെ, നക്ഷത്രങ്ങളെപ്പോലെ മുസ്‌ലിമാകാനായിരുന്നു ഉമ്മക്കിഷ്ടം.

*ആലു ഇംറാൻ* 83ലെ, 'പ്രാപഞ്ചിക പ്രതിഭാസങ്ങളെല്ലാം മുസ്‌ലിമാണ്' എന്ന പ്രയോഗം ഉമ്മയെ ഏറെ ആകർഷിച്ച സൂക്തമായിരുന്നു.

കാലത്ത് എഴുത്തുമുറിയിൽ പ്രവേശിച്ചാൽ, ആദ്യം കത്തുകൾ പരിശോധിക്കും. മറുപടിയെഴുതും. ഭീഷണിയും അശ്ലീലവും കലർന്ന കത്തുകൾ വന്നു തുടങ്ങിയപ്പോൾ ഒന്നും നോക്കാതെയായി. ഒരിക്കൽ അൽപം കനമുള്ള ഒരു ഗൾഫ് കവർ കിട്ടി. ഉടൻ ഭയത്തോടെ എന്റെ കൈയിൽ തന്നു. തുറന്നു നോക്കിയപ്പോൾ വി.എ കബീർ സാഹിബിന്റെ കത്തായിരുന്നു. വായിച്ചു കേൾപ്പിച്ചപ്പോൾ നന്നായി ഇഷ്ടപ്പെട്ടു. ഞാൻ കബീർ സാഹിബിനെ പരിചയപ്പെടുത്തി. അദ്ദേഹത്തിന്റെ കൃതികൾ എത്തിച്ചുകൊടുത്തു. കത്തിലെ അഭിസംബോധനയും ഉള്ളടക്കവും എടുത്തു പറഞ്ഞ് 'നമ്മുടെ കൂട്ടത്തിലും എന്നെ അറിയുന്നവരുണ്ട്. എല്ലാവരും കൈവിട്ടിട്ടില്ല അല്ലേ' എന്ന് ആശ്വാസം കൊണ്ടതോർക്കുന്നു.

ഫ്ളാറ്റിൽ മൂന്നു നാല് ഹിന്ദു സഹോദരിമാർ പരിചാരകരായുണ്ടായിരുന്നു. പ്രായമായ ഒരമ്മ കീർത്തനം ചൊല്ലി സന്ധ്യാ പ്രാർഥന നടത്തുമായിരുന്നു. ഓണത്തിനും വിഷുവിനും ഊണൊരുക്കിയിരുന്നു. ഉമ്മ ഒരിക്കലും അവരെ സ്വാധീനിക്കാൻ ശ്രമിച്ചില്ല. 'എന്റെ ജീവിതശൈലീ മാറ്റത്തിൽതന്നെ അവർക്ക് ധാരാളം സന്ദേശങ്ങളുണ്ടല്ലോ' എന്നാണ് അതേപ്പറ്റി പറഞ്ഞിരുന്നത്. അവരിൽ ചിലർ വർഷങ്ങളായി കൂടെയുള്ളവരാണ്. ഭിന്ന വിശ്വാസം വെച്ചുപുലർത്തുമ്പോൾതന്നെ ഒരേ വീട്ടിലെ അംഗങ്ങളായി കഴിയാൻ പറ്റുമെന്ന സന്ദേശം നൽകുകയായിരുന്നു ഉമ്മ.

ചെറിയ ചെറിയ സമ്മാനങ്ങൾ പോലും അതിരറ്റ കൗതുകത്തോടെയാണ് സ്വീകരിച്ചിരുന്നത്. അവയുടെ ഗുണവിശേഷണങ്ങൾ എടുത്തു പറയും. മുസ്‌ലിംജീവിത ശൈലിയുമായി ബന്ധപ്പെട്ട ചിഹ്നങ്ങൾ ഏറെ പ്രിയമായിരുന്നു. നിസ്കാരക്കുപ്പായം, പർദ, മക്കന, ദസ്‌വീയ, സുറുമ, മൈലാഞ്ചി, വെള്ളിയരഞ്ഞാണം, ഊദ്, അംബർ തുടങ്ങിയവ. ഒരു പാരമ്പര്യ മുസ്‌ലിം തറവാട്ടിലെ സ്ത്രീയെന്ന് ഭാവിക്കാനായിരുന്നു ഇഷ്ടം. നല്ല വസ്ത്രം ധരിച്ച് ഇങ്ങനെ സ്വയം പറയുമായിരുന്നു: "ഇപ്പൊ അറക്കലെ ബീവിയെപ്പോലുണ്ട് അല്ലേ." കൂടെ പൊട്ടിച്ചിരിയും.

വർഷങ്ങളായി സ്വയം പാചകം ചെയ്യാറില്ല. അഞ്ചു വർഷം മുമ്പ് ഒരു ജന്മദിനത്തിൽ സ്വയം പാൽപ്പായസമുണ്ടാക്കി ഞങ്ങളെ ഊട്ടി. 'നെയ്പ്പായസമെന്ന കഥയിലെ അമ്മയെപ്പോലെ മധുരമൂറുന്ന കുറെ നന്മകൾ പാകം ചെയ്ത് മാറ്റി വെക്കണം, ആർക്കെങ്കിലും പ്രയോജനപ്പെടും' എന്നായിരുന്നു അന്നത്തെ കമന്റ്.

സംസമിന്നായി ഓടി നടന്ന ഹാജറിനെപ്പോലെ സത്യത്തിനായി ഉഴറി നടന്നതിനാലാകാം, സംസമിനോട് വല്ലാത്ത അഭിനിവേശമായിരുന്നു. സംസം കൊണ്ട് കണ്ണ് നനക്കും. കുടിക്കും. പൂനെ ആശുപത്രിയിൽ കിടക്കുമ്പോഴും സംസമാണ് ആവശ്യപ്പെട്ടിരുന്നത്.

വെള്ളിയാഴ്ചകളിൽ അന്നത്തെ ഖുത്ബയുമായി ബന്ധപ്പെട്ടായിരുന്നു ചർച്ചകൾ. അവതരണശൈലിയും ഉള്ള

# സ്നേഹം സകാത്തായി നൽകിയ എഴുത്തുകാരി

**മുഹമ്മദ് കുട്ടി ചേന്ദമംഗല്ലൂർ**

**ഡോ.** കമലാ സുറയ്യയുടെ ദോഹ സന്ദർശനസമയം. ഇസ്‌ലാമിലേക്ക് വന്നിട്ട് ഒരു വർഷമേ ആയിരുന്നുള്ളൂ. ഇന്ത്യൻ ഇസ്‌ലാമിക് അസോസിയേഷന്റെ അതിഥിയായെത്തിയ വിശ്വ സാഹിത്യകാരിക്ക് ദോഹ മലയാളി സമൂഹം ഒരുക്കിയ സ്വീകരണ പരിപാടി. അൽഗസൽ ക്ലബ്ബ് ഓഡിറ്റോറിയം നിറഞ്ഞുകവിഞ്ഞ സദസ്സ്. തന്റെ ഇസ്‌ലാമാശ്ലേഷത്തിന്റെ അനുഭവങ്ങൾ സദസ്സുമായി പങ്കുവെച്ച ശേഷം അവർ പറഞ്ഞു: "എന്നെ കാണാനും കേൾക്കാനും ഇവിടെ എത്തിയിരിക്കുന്ന നിങ്ങൾക്ക് നൽകാൻ എന്റെ കൈയിൽ ഒന്നു മാത്രമേയുള്ളൂ, സ്നേഹം."

അൽജസ്റ ക്ലബ്ബിൽ അറബി എഴുത്തുകാരും സാഹിത്യപ്രേമികളും ഒരുമിച്ചുകൂടിയ സദസ്സിനെ വായനയുടെയും എഴുത്തിന്റെയും ലോകത്തേക്ക് തെളിമയാർന്ന ഇംഗ്ലീഷ് സംസാരത്തിലൂടെ കൂട്ടിക്കൊണ്ടുപോയപ്പോഴും അവർക്ക് ഓർമിപ്പിക്കാനുണ്ടായിരുന്നത് സ്നേഹത്തെക്കുറിച്ചായിരുന്നു. "സ്നേഹം കൈമാറാനുള്ള ഒരു മാധ്യമമായി അക്ഷരങ്ങളെ ഉപയോഗപ്പെടുത്താൻ ഒരു എഴുത്തുകാരന് സാധിക്കണം."

ദോഹ പരിപാടികളുടെ തിരക്കിനിടയിലും ഹോട്ടലിൽ വെച്ച് റേഡിയോ ഏഷ്യക്ക് വേണ്ടി ഒരു ഇന്റർവ്യൂ ആവശ്യപ്പെട്ടപ്പോൾ അവർ സമയം നൽകി. ഇന്റർവ്യൂവിൽ ചീഫ് കറസ്പോണ്ടന്റ് നിസാർ സെയ്ദിന്റെ അവസാനത്തെ ചോദ്യം ഇങ്ങനെയായിരുന്നു: "നിങ്ങളുടെ മതംമാറ്റം ഒരു വിവാദമായി പത്രമാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണല്ലോ. പലരും പല കാരണങ്ങളും പശ്ചാത്തലങ്ങളും അവതരിപ്പിക്കുന്നു. നിങ്ങൾക്കെന്താണ് പറയാനുള്ളത്?"

സ്നേഹം നിറച്ചുവെച്ച ആ മനസ്സിന്റെ ഉടമ മറുപടി പറഞ്ഞത് ഇങ്ങനെയായിരുന്നു: "എന്നെപ്പറ്റി പലതും പറഞ്ഞ് പ്രചരിപ്പിക്കുമ്പോൾ അവർ ഒരുതരം സന്തോഷം അനുഭവിക്കുന്നുണ്ടാവും. അത് ഞാൻ ചെയ്യുന്ന ഒരു പുണ്യകർമമല്ലേ. അത് അവർക്കുള്ള എന്റെ സകാത്തല്ലേ. അതുവഴി എനിക്കും ഗുണം കിട്ടുമല്ലോ." ആത്മഗതമെന്നോണം ഇത്രകൂടി പറഞ്ഞു: "എനിക്ക് ഒന്നുമറിയില്ല നിസാറേ, ഞാനൊരു പാവം സ്ത്രീയാണ്." ■

---

ടക്കവുമെല്ലാം വിശദമായി കേൾക്കും. അഭിപ്രായങ്ങൾ പറയും. പ്രോത്സാഹിപ്പിക്കും. സ്നേഹബന്ധങ്ങൾ വിഷയങ്ങളിൽ ഉൾപ്പെടുത്തണമെന്ന് പ്രത്യേകം നിർദേശിക്കുമായിരുന്നു.

ഉമ്മയുടെ മക്കളിൽ കൂടുതൽ ഇടപഴകാൻ അവസരം ലഭിച്ചത് എം.ഡി നാലപ്പാട്ട് എന്ന മോനുവുമായിട്ടാണ്. ഒരു അനുജനോടെന്ന പോലെ, തുറന്ന മനസ്സോടെയാണ് അദ്ദേഹത്തിന്റെ ഇടപഴകൽ. സലാം ചൊല്ലി കെട്ടിപ്പിടിച്ചാണ് സംസാരം തുടങ്ങുക. ഇസ്‌ലാമിനെക്കുറിച്ചും ഇസ്‌ലാമിക ലോകത്തെക്കുറിച്ചും കൃത്യമായ കാഴ്ചപ്പാടുകൾ അദ്ദേഹത്തിനുണ്ട്. പാളയം പള്ളിയിൽനിന്ന് പിരിയുമ്പോൾ ഈ ബന്ധം അറ്റുപോകാനിടയാകരുതെന്ന് നിരന്തരം ഓർമപ്പെടുത്തുന്നുണ്ടായിരുന്നു.

മുസ്‌ലിം സമുദായത്തിന്റെ ഭാഗത്തുനിന്നും ഉമ്മയോടുണ്ടായ ചില സമീപനങ്ങൾ പലപ്പോഴും വിചിത്രമായാണ് അനുഭവപ്പെട്ടത്. ചിലപ്പോഴെങ്കിലും സഹതാപവും തോന്നിയിട്ടുണ്ട്.

മുസ്‌ലിം സംഘടനകൾ തമ്മിലുള്ള അനാരോഗ്യകരമായ ഭിന്നതകളിൽ ഉമ്മ അസ്വസ്ഥയായിരുന്നു. ലോകത്തോളം വളർന്ന ഒരു പ്രതിഭയെ തങ്ങളിലേക്ക് ഒതുക്കാൻ പലരും സാഹസപ്പെടുന്നത് കണ്ട് ചിലപ്പോഴെങ്കിലും ഉമ്മ പൊട്ടിത്തെറിച്ചിട്ടുണ്ട്. 'ഇസ്‌ലാമിലും ജാതിയുണ്ടെന്നാണ് തോന്നുന്നത്' എന്ന് തുറന്നടിച്ചത് ഇത്തരക്കാർക്കു നേരെയുള്ള ഒരു താക്കീത് തന്നെയായിരുന്നു. ഉമ്മയിൽനിന്ന് ഇസ്‌ലാമികലോകം പ്രതീക്ഷിച്ച സർഗാത്മക സംഭാവനകൾ നേടിയെടുക്കാൻ കഴിയാതെപോയതിലും വികലമായ ഇത്തരം സമീപനങ്ങൾക്ക് ഒരു പങ്കുണ്ടെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു.

വിചിത്രമായ ചില സംഭവങ്ങൾക്കും ഉമ്മ സാക്ഷിയാകേണ്ടിവന്നിട്ടുണ്ട്. ഒരു ദിവസം രാവിലെ ഫ്ളാറ്റിലെത്തിയപ്പോൾ ഉമ്മയും പരിചാരകയും ഇരുന്നു കരയുന്നു. കാര്യം തിരക്കിയപ്പോൾ, ഉമ്മ അവരോട് ഒരു പേപ്പർ കൊണ്ടുവരാൻ പറഞ്ഞു. എനിക്ക് കാര്യം പിടികിട്ടിയില്ല. ഉമ്മ അത് എനിക്ക് നേരെ നീട്ടി. കുറെ കളങ്ങൾ വരച്ച് അറബി അക്ഷരങ്ങളും അക്കങ്ങളുമെഴുതിയിരുന്നു അതിൽ. "ബശീർ, ഇന്നലെ ഇവിടെ ഒരു പുരോഹിതൻ വന്നിരുന്നു. മനസ്സമാധാനം ലഭിക്കാൻ ഈ പേപ്പർ തലയണയുടെ ചുവട്ടിൽ വെച്ച് ഉറങ്ങണം എന്ന് അയാൾ കൽപിച്ചു. അതോടെ ഉള്ള സമാധാനവും നഷ്ടപ്പെട്ടു. ഇസ്‌ലാമിലും കൂടോത്രമുണ്ടോ?" ഒരുവിധം കാര്യങ്ങൾ വിശദീകരിച്ചുകൊടുത്ത് ഞാൻ ചോദിച്ചു: "ഉമ്മക്ക് ഇതിൽ വിശ്വാസമുണ്ടോ?" "ഏയ്, ഒട്ടുമില്ല." "എങ്കിൽ അഊദു... ചൊല്ലി ഉമ്മ തന്നെ ഈ പേപ്പർ കീറിക്കളയണം." ഉടൻ ഉമ്മ അങ്ങനെ ചെയ്തു. ഇങ്ങനെ എത്രയെത്ര പരീക്ഷണങ്ങൾ. എല്ലാം ധീരമായി നേരിടുകയായിരുന്നല്ലോ. ആ ജീവിതവും മരണവും മരണാനന്തര ചടങ്ങുകളും ഒരു കവിത പോലെ ഗുണപാഠമുള്ളതായിരുന്നു.

ഒരു വിസ്മയം പോലെ നമ്മിലേക്ക് കടന്നുവന്ന് ഒട്ടേറെ ചിന്തകൾ അവശേഷിപ്പിച്ച് അതിവേഗം ലക്ഷ്യത്തിലേക്ക് ഉമ്മ പറന്നുയർന്നു. അവസാന വാക്കുകളിൽ ഇത്രകൂടി ഉണ്ടായിരുന്നല്ലോ....

"മതി കുട്ടീ, ഇത്രയൊക്കെ മതി.... രാത്രി ഉറങ്ങുമ്പോൾ മുറി നിറയെ വെളിച്ചം. നിലാവ് പെയ്യുന്ന മുറിയിൽ ഒട്ടകങ്ങൾ ശബ്ദിക്കുന്നു. മരുഭൂമി കാണുന്നു... ഞാൻ പോകാൻ തയാറായിക്കഴിഞ്ഞു. ഞാൻ മലക്കുകളെ സ്വപ്നം കാണുകയാണ്. അവർ എന്നിലേക്ക് അതിവേഗം ചിറകടിച്ചു പറന്നുവരുന്നത് കണ്ടില്ലേ. അവരെന്നെ സ്വർഗത്തിലേക്ക് വിളിക്കുകയാണ്. ചെറുപ്പാവുത്രേ അവിടെ... ആർക്കും പ്രായാവൂലാത്രേ...."

അവസാനമായി എനിക്ക് എഴുതിത്തന്ന കവിത:

തമ്പുരാനേ
നീ മാത്രമാവട്ടെ
യാഥാർഥ്യം
കിനാവുകളായ ആടകൾ
ഉരിഞ്ഞ് കളഞ്ഞ്
അഹോ, ഞാനെത്തുന്നു
നിന്റെ സത്തയിൽ
പണിതീർന്നൊരായുധം പോലെ
പൂർത്തിയാക്കിയ
മഹായുദ്ധം പോലെ............. ■